# നീതിവേദി

www.neethivedhi.org



നീതി ഔദാര്യമല്ല...

അവകാശമാണ്...

# ജനറൽ ബോഡി യോഗം





2025 ഏപ്രിൽ 30 ന് നീതിവേദിയുടെ വാർഷിക ജനറൽ ബോഡി യോഗം നടന്നു. നീതിവേദി ഗവേർണിംഗ് ബോഡി അംഗവും ജില്ലാ പീസ് കമ്മറ്റി ചെയർമാനുമായ ശ്രീ കെ.ഐ.തോമസ് സ്വാഗതം ആശംസിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. വാർഷിക റിപ്പോർട്ട് സെക്രട്ടറി ശ്രീമതി ഫ്ളയ്സി ജോസ് അവതരിപ്പിച്ചു. വാർഷിക കണക്ക്, ബഡ്ജറ്റ് എന്നിവ ട്രഷറർ അഡ്വ. ജോമോൾ ജോയി അവതരിപ്പിച്ചു. റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് എന്നിവ യോഗം പാസ്സാക്കി. തുടർന്ന് ഗവേർണിംഗ് ബോഡി അംഗങ്ങളെ തിരഞ്ഞെടുത്തു. 2025-26 വർഷത്തെ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. വയനാട് ജില്ലയിൽ ആത്മഹത്യകൾ വർദ്ധിച്ചുവരുന്നതിനാൽ ഓഫീസിലെ കൗൺസിലിംഗിനു പുറമെ ടെലികൗൺസിലിംഗും കൂടി നടത്താൻ യോഗത്തിൽ തീരുമാനിച്ചു. പഞ്ചായത്ത് തലത്തിൽ നാല് മാസത്തിലൊരിക്കലെങ്കിലും പീസ് കമ്മറ്റി മീറ്റിംഗുകൾ കൂടാനും പീസ് കമ്മറ്റികളിൽ നീതിവേദി ഓഫീസിൽ നിന്നും ഗവേർണിംഗ് ബോഡി അംഗങ്ങളാരെങ്കിലും കൂടി പങ്കെടുക്കാനും തീരുമാനിച്ചു. വിദ്യാർത്ഥി സൗഹൃദക്ലബുകൾ ഉള്ള സ്ഥലങ്ങളിൽ വനിതാക്ലബുകൾ കൂടി രൂപീകരിക്കാനും ധാരണയായി. ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട് ഇടപെടലുകൾ നടത്തുന്നവർക്കായി 2025 മെയ് 9 ന് കൽപ്പറ്റ എം.ജി.റ്റിയിൽ വെച്ച് പരിശീലന പരിപാടി സംഘടിപ്പിക്കാനും അന്തർദേശീയ ആദിവാസി ദിനാചരണം ആഗസ്റ്റ് 9ന് നടത്താനും തീരുമാനിച്ചു. എസ്. സി. എൻ. മിനിസ്ട്രി ഫണ്ട് 2025 - 26 വർഷത്തേക്ക് കൂടി മാത്രമേ ലഭ്യമാകുകയുള്ളൂവെന്നും കൂടാതെ എസ്.സി.എൻ-നീതിവേദി കൊളാബറേറ്റീവ് മിനിസ്ട്രിയുടെ എഗ്രിമെന്റ് കാലാവധി 2025 ഡിസംബർ 31 ന് അവസാനിക്കുമെന്നും തുടർന്ന് എഗ്രിമെന്റ് പുതുക്കാൻ സാധ്യമല്ലയെന്ന് അറിയിച്ച കാര്യവും പ്രസിഡന്റ് യോഗത്തെ അറിയിച്ചു. നീതിവേദി ഓഫീസ് കൽപ്പറ്റ സിവിൽ സ്റ്റേഷൻ പരിസരത്തേക്ക് മാറ്റാമെന്നും അതിനായി ഓഫീസ് കണ്ടെത്താൻ ശ്രീ അഷറഫ്, ശ്രീ കെ.ഐ.തോമസ്, ശ്രീ അനീഷ് ബാബു എന്നിവരെ ചുമതലപ്പെടുത്തി. ശ്രീമതി സൂര്യ നന്ദി പറഞ്ഞു. യോഗത്തിൽ 37 അംഗങ്ങൾ പങ്കെടുത്തു.







# വനിതാ സൗഹൃദക്ലബ്

## താഴത്തുവയൽ



2025 ഏപ്രിൽ 5 ന് താഴത്തുവയൽ വനിതാ സൗഹൃദ ക്ലബ്ബിന്റെ യോഗം ചേർന്നു. ശ്രീമതി. മേഴ്സി സ്വാഗതം ആശംസിച്ചു, ശ്രീമതി. ഉഷ രാജേന്ദ്രൻ അദ്ധ്യക്ഷതവഹിച്ചു. വനിതാ ദിന പരിപാടി, ഭാവി പ്രവർത്തനങ്ങൾ, പ്രദേശത്ത് ഇടപെട്ട പ്രശ്നങ്ങളുടെ ഫോളോപ്പ് എന്നിവ ചർച്ച ചെയ്തു. താഴത്തുവയലിലെ സംരക്ഷിക്കാൻ ആളി ല്ലാതെ കിടപ്പിലായിരുന്ന ബാലൻ കഴിഞ്ഞ ദിവസം മരണപ്പെട്ടതുമായ കാര്യങ്ങൾ ചർച്ച ചെയ്തു.

## പരിയാരം

2025 ഏപ്രിൽ 5 ന് പരിയാരം വനിതാ സൗഹൃദ ക്ലബ്ബിന്റെ യോഗം ചേർന്നു. ശ്രീമതി ഖദീജ സ്വാഗതം ആശംസിച്ചു. ശ്രീമതി സുഹറ അദ്ധ്യക്ഷത വഹിച്ചു. വനിതാ ക്ലബ്ബ് അംഗമായ സൂറയുടെ മകളുടെ വിവാഹത്തെക്കുറിച്ച് ചർച്ച ചെയ്തു ക്ലബ്ബിലെ എല്ലാ അംഗങ്ങളും ചേർന്ന് ഒരു തുക പിരിച്ച് നൽകാൻ തീരുമാനിച്ചു. ക്ലബ്ബിന്റെ മറ്റ് പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ശ്രീമതി സുലൈഖ നന്ദി പറഞ്ഞു.



## അടിച്ചിലാടി



2025 ഏപ്രിൽ 7 ന് സ്വപ്നകൂട് വനിതാ സൗഹൃദ ക്ലബ്ബിന്റെ യോഗം ചേർന്നു. ശ്രീമതി. ലക്ഷ്മി സ്വാഗതം ആശംസിച്ചു, ശ്രീമതി. വസന്ത രാജേന്ദ്രൻ അദ്ധ്യക്ഷതവഹിച്ചു. വനിതാ ദിനത്തോടനുബന്ധിച്ച് നടത്തിയ പരിപാടി യുടെ അനുഭവങ്ങൾ പങ്കുവെച്ചു. ഭാവി പ്രവർത്തനങ്ങളും, അടിച്ചിലാടി ഉന്നതിയിലെ രോഗാവസ്ഥയിൽ കഴിയുന്ന വെള്ളി എന്നവരുടെ കാര്യങ്ങളെക്കുറിച്ചറിയിച്ചു. ലിമ നന്ദി പറഞ്ഞു.

## മംഗലശ്ശേരിമല

2025 മെയ് 19 ന് വെള്ളമുണ്ട പഞ്ചായത്തിലെ മംഗലശ്ശേരിമലയിൽ വനിതാ സൗഹൃദക്ലബ് രൂപീകരിച്ചു. പ്രസിഡന്റായി ശ്രീമതി സരിത, സെക്രട്ടറിയായി ശ്രീമതി രാധിക എന്നിവരെ തിരഞ്ഞെടുത്തു. 12 പേർ പങ്കെടുത്തു.



2025 ജൂൺ 14 ന് പുൽപ്പള്ളി കരിമം വനിതാ സൗഹൃദക്ലബ് രൂപീകരിച്ചു. വിദ്യാർത്ഥികളെ സ്ക്കൂളിൽ രക്ഷിതാക്കൾ നിർബന്ധമായും വിടണമെന്നും കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങളും വനിതാ ക്ലബിന്റെ ആവശ്യകതയും മീറ്റിംഗിൽ വിശദീകരിച്ചു. ശ്രീമതി ഗീത, ശ്രീമതി ശാന്ത, ശ്രീമതി ബാലാമണി എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. ശ്രീമതി ഫ്ളയ്സി നേതൃത്വം നൽകി.

കരിമം



പൊൻകുഴി



ജൂൺ 21 ന് പൊൻകുഴി വനിതാ സൗഹൃദക്ലബ് രൂപീകരിച്ചു. ശ്രീമതി രാധ, ശ്രീമതി സുഗന്ധി എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. ശ്രീമതി സൂര്യ, ശ്രീമതി മിനി സാജു, ശ്രീ ജ്യോതിഷ് കുമാർ എന്നിവർ നേതൃത്വം നൽകി. 17 പേർ മീറ്റിംഗിൽ പങ്കെടുത്തു

# വിദ്യാർത്ഥി സൗഹൃദക്ലബ്

മംഗലശ്ശേരിമല



2025 മെയ് 19 ന് വെള്ളമുണ്ട പഞ്ചായത്തിലെ മംഗലശ്ശേരിമലയിൽ വിദ്യാർത്ഥി സൗഹൃദക്ലബ് രൂപീകരിച്ചു. ഫസിലിറ്റേറ്ററായി ശ്രീമതി രാധികയെ തിരഞ്ഞെടുത്തു. ലീഡർമാരായി സായന്ത്, അഖില എന്നിവരെ തിരഞ്ഞെടുത്തു. 22 പേർ പങ്കെടുത്തു.

മംഗലശ്ശേരിമല



മെയ് 31 ന് മംഗലശ്ശേരിമല വിദ്യാർത്ഥി സൗഹൃദക്ലബിൽ വെച്ച് പ്രവേശനോത്സവം നടത്തി. ഫസിലിറ്റേറ്റർ ശ്രീമതി രാധിക സ്വാഗതം ആശംസിച്ചു. വാർഡ് മെമ്പർ ശ്രീമതി ഷൈജി ഷിബു അദ്ധ്യക്ഷത വഹിച്ച യോഗം ഊരുമൂപ്പൻ ശ്രീ ചന്ദ്രൻ ഉത്ഘാടനം ചെയ്തു. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി ഇന്ദു എന്നിവർ നേതൃത്വം നൽകി. ലീഡർ സായന്ത് നന്ദി പറഞ്ഞു. 22 പേർ പങ്കെടുത്തു.

2025 മെയ് 31 ന് കരിങ്ങാരി വിദ്യാർത്ഥി സൗഹൃദക്ലബിൽ വെച്ച് പ്രവേശനോത്സവം നടത്തി. ഫസിലിറ്റേറ്റർ ശ്രീമതി അഖില സ്വാഗതം ആശംസിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് ഉത്ഘാടനം ചെയ്തു. ശ്രീമതി ഇന്ദു നേതൃത്വം നൽകി. ശ്രീ വിശ്വനാഥൻ നന്ദി പറഞ്ഞു. 13 പേർ പങ്കെടുത്തു.

കരിങ്ങാരി



2025 മെയ് 31 ന് രാരോത്ത് വിദ്യാർത്ഥി സൗഹൃദക്ലബിൽ വെച്ച് പ്രവേശനോത്സവം നടത്തി. ഫസിലിറ്റേറ്റർ ശ്രീമതി അഖില സ്വാഗതം ആശംസിച്ചു. ശ്രീമതി കറുപ്പി അദ്ധ്യക്ഷത വഹിച്ച യോഗം ശ്രീ ശിവരാമൻ ഉത്ഘാടനം ചെയ്തു. ശ്രീമതി മിനിസാജു, ശ്രീമതി സൂര്യ എന്നിവർ നേതൃത്വം നൽകി. ലീഡർ അക്സ നന്ദി പറഞ്ഞു. 17 പേർ പങ്കെടുത്തു.

രാരോത്ത്



ആർമാട്



2025 മെയ് 31 ന് ആർമാട് വിദ്യാർത്ഥി സൗഹൃദക്ലബിൽ വെച്ച് പ്രവേശനോത്സവം നടത്തി. ഫസിലിറ്റേറ്റർ ശ്രീമതി അജ്ഞന സ്വാഗതം ആശംസിച്ചു. ശ്രീമതി ചണ്ണ അദ്ധ്യക്ഷത വഹിച്ച യോഗം വാർഡ് മെമ്പർ ശ്രീ ബേബി വർഗ്ഗീസ് ഉത്ഘാടനം ചെയ്തു. ശ്രീമതി മിനിസാജു, ശ്രീമതി സൂര്യ എന്നിവർ നേതൃത്വം നൽകി. ശ്രീമതി നിർമ്മല നന്ദി പറഞ്ഞു. 17 പേർ പങ്കെടുത്തു.

കരിമം



2025 മെയ് 31 ന് പുൽപ്പള്ളി കരിമം വിദ്യാർത്ഥി സൗഹൃദക്ലബിൽ വെച്ച് പ്രവേശനോത്സവം നടത്തി. ഫസിലിറ്റേറ്റർ ശ്രീ ശ്യാം സ്വാഗതം ആശംസിച്ചു. ശ്രീമതി കാവേരി അദ്ധ്യക്ഷത വഹിച്ച യോഗം ഊരുമൂപ്പൻ ശ്രീ ബാലൻ ഉത്ഘാടനം ചെയ്തു. ശ്രീ ജ്യോതിഷ് കുമാർ നേതൃത്വം നൽകി. ശ്രീബാല നന്ദി പറഞ്ഞു. 20 പേർ പങ്കെടുത്തു.



2025 ജൂൺ 14 ന് പുൽപ്പള്ളി കരിമം വിദ്യാർത്ഥി സൗഹൃദക്ലബ് മീറ്റിംഗ് നടത്തി. ശ്രീമതി ബാലാമണി സ്വാഗതം ആശംസിച്ചു. കുട്ടികളുടെ വിവരശേഖരണം നടത്തി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ ജ്യോതിഷ് എന്നിവർ നേതൃത്വം നൽകി. ശ്രീബാല നന്ദി പറഞ്ഞു.

## പൊൻകുഴി



2025 ജൂൺ 1 ന് പൊൻകുഴി വിദ്യാർത്ഥി സൗഹൃദക്ലബിൽ വെച്ച് പ്രവേശനോത്സവം നടത്തി. ഫസിലിറ്റേറ്റർ ശ്രീ അഭിശാന്ത് സ്വാഗതം ആശംസിച്ചു. ശ്രീ ബിജു കാക്കത്തോട് അദ്ധ്യക്ഷത വഹിച്ചു. ശ്രീ ജ്യോതിഷ് കുമാർ നേതൃത്വം നൽകി. ബിബിൻ നന്ദി പറഞ്ഞു. 42 പേർ പങ്കെടുത്തു.

2025 ജൂൺ 21 ന് പൊൻകുഴി വിദ്യാർത്ഥി സൗഹൃദക്ലബ് മീറ്റിംഗ് നടത്തി. ഫസിലിറ്റേറ്റർ ശ്രീമതി അഞ്ചു സ്വാഗതം ആശംസിച്ചു. ശ്രീമതി സൂര്യ, ശ്രീമതി മിനി സാജു, ശ്രീ ജ്യോതിഷ് കുമാർ എന്നിവർ നേതൃത്വം നൽകി. വിസ്മയ നന്ദി പറഞ്ഞു. 20 പേർ പങ്കെടുത്തു.





2025 ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥി സൗഹൃദക്ലബുകളിൽ മരതൈകൾ നട്ടു. പരിസ്ഥിതി ദിന ക്വിസ് മത്സരങ്ങൾ നടത്തി. മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

## അടുവാടിവയൽ

2025 ജൂൺ 7 ന് അടുവാടിവയൽ വിദ്യാർത്ഥി സൗഹൃദക്ലബിൽ വെച്ച് പ്രവേശനോത്സവം നടത്തി. ഫസിലിറ്റേറ്റർ ശ്രീമതി രമ സ്വാഗതം ആശംസിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി വൽസ, ശ്രീമതി ജൂബിലി എന്നിവർ നേതൃത്വം നൽകി. സ്മൃതി നന്ദി പറഞ്ഞു. 26 പേർ പങ്കെടുത്തു.



# ഫസിലിറ്റേറ്റർമാരുടെ മീറ്റിംഗ്



2025 മെയ് 23, ജൂൺ 30 എന്നീ തിയ്യതികളിൽ നീതിവേദി ഓഫീസിൽ വെച്ച് വിദ്യാർത്ഥി സൗഹൃദക്ലബ് ഫസിലിറ്റേറ്റർമാരുടെ മീറ്റിംഗ് നടന്നു. ക്ലബ് പ്രവർത്തലങ്ങളെക്കുറിച്ച് വിശദീകരിച്ചു. അടുത്ത മൂന്ന് മാസത്തേക്കുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. കുട്ടികൾക്കുള്ള നോട്ട്ബുക്ക്, പേന, പെൻസിൽ, ക്രയോൺസ്, റബർ, കട്ടർ എന്നിവ വിതരണം ചെയ്തു. ശ്രീമതി ഫ്ളയ്സി ജോസ് നേതൃത്വം നൽകി.

# കനൽ സമ്മർ ക്യാമ്പ്



2025 മെയ് 21,22,23 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് കനൽ സമ്മർ ക്യാമ്പ് സംഘടിപ്പിച്ചു. മെയ് 21-ാം തിയതി ശ്രീ സിജു സി മീന, ശ്രീ ചന്ദ്രൻ, ശ്രീ ബിനു എന്നിവർ റിസോഴ്സ് പേഴ്സൺസായിരുന്നു. വൈകുന്നേരം കുട്ടികൾ കലാ സന്ധ്യ അവതരിപ്പിച്ചു. മെയ് 22 ന് ക്യാമ്പിന്റെ ഭാഗ മായി എൻ ഊര്, ബൈപ്പാസ് റോഡിലെ പാർക്ക് എന്നിവിടങ്ങളിലേക്ക് എക്സ്പോഷർ വിസിറ്റ് സംഘടിപ്പിച്ചു. വൈകുന്നേരം 'പ്ലസ്ടു ഫെയിൽ' എന്ന മോട്ടിവേഷൻ സിനിമ കാണിച്ചു. മെയ് 22 ന് നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു മോട്ടിവേഷൻ ക്ലാസ്സ് നയിച്ചു. തുടർന്ന് അടുത്ത മൂന്ന് മാസത്തേക്കുള്ള പ്ലാനിംഗും ക്യാമ്പിനെക്കുറിച്ചുള്ള വിലയിരുത്തലും നടത്തി. നീതിവേദി പ്രവർത്തകർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ 102 പേർ പങ്കെടുത്തു.

# പീസ് കമ്മിറ്റി

## മുട്ടിൽ

2025 ജൂൺ 10 ന് രാവിലെ 11 മണിയ്ക്ക് മുട്ടിൽ പഞ്ചായത്ത്തല പീസ് കമ്മിറ്റി മീറ്റിംഗ് നടത്തി. കൺവീനർ ശ്രീ പദ്മനാഭൻ സ്വാഗതം ആശംസിച്ചു. ചെയർമാൻ ശ്രീ അഷറഫ് അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശ്രീദേവി ഉത്ഘാടനം ചെയ്തു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ ഐ തോമസ് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ശ്രീമതി വൽസ ദേവസ്യ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് ചർച്ചകൾക്ക് നേതൃത്വം നൽകി. നീതിവേദിയിൽ ടെലി കൗൺസിലിംഗ് സൗകര്യമുണ്ടായിരിക്കുമെന്നും കൗൺസിലിംഗ് ആവശ്യമുള്ളവരെ അറിയിക്കാനും യോഗത്തെ അറിയിച്ചു. വിദ്യാർത്ഥി- വനിതാ സൗഹൃദക്ലബുകൾ രൂപീകരിക്കേണ്ട സ്ഥലങ്ങൾ ഉണ്ടെങ്കിൽ രൂപീകരിക്കാനും തീരുമാനിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ ഒരു മീറ്റിംഗ് വിളിച്ചുചേർക്കാമെന്ന് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. ആഗസ്റ്റ് 9 ന് പൊൻകുഴി വെച്ച് ആദിവാസി ദിനാചരണം നടത്തുന്ന കാര്യവും യോഗത്തിൽ വിവരിച്ചു. ശ്രീ സ്ക്കറിയ നന്ദി പറഞ്ഞു. 18 പേർ മീറ്റിംഗിൽ പങ്കെടുത്തു.







# കൽപ്പറ്റ





2025 ജൂൺ 12 ന് ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് കൽപ്പറ്റ മുനിസിപ്പാലിറ്റിതല പീസ് കമ്മിറ്റി മീറ്റിംഗ് നടത്തി. ശ്രീമതി ശ്യാമള കൗൺസിലർ സ്വാഗതം ആശംസിച്ചു. വൈസ് ചെയർപേഴ്സൺ ശ്രീമതി സരോജിനി അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി വൽസ ദേവസ്യ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് ചർച്ചകൾക്ക് നേതൃത്വം നൽകി. ആദിവാസി ദിനാചരണത്തെക്കുറിച്ചും നീതിവേദിയിൽ ടെലി കൗൺസിലിംഗ് സൗകര്യമുണ്ടായിരിക്കുമെന്നും കൗൺസിലിംഗ് ആവശ്യമുള്ളവരെ അറിയിക്കാനും യോഗത്തെ അറിയിച്ചു. വിദ്യാർത്ഥി- വനിതാ സൗഹൃദക്ലബുകൾ രൂപീകരിക്കേണ്ട സ്ഥലങ്ങൾ ഉണ്ടെങ്കിൽ രൂപീകരിക്കാനും തീരുമാനിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ ഒരു മീറ്റിംഗ് വിളിച്ചുചേർക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാ ആദിവാസി വിദ്യാർത്ഥികൾക്കും പ്ലസ്‌വൺ അഡ്മിഷൻ ലഭ്യമായോ എന്ന് അന്വേഷിക്കാൻ കൗൺസിലർമാരെ ചുമതലപ്പെടുത്തി. അടുത്ത മീറ്റിംഗിൽ ഭാരവാഹികളെ തിരഞ്ഞെടുക്കാനും തീരുമാനിച്ചു. ശ്രീമതി വൽസല കൗൺസിലർ നന്ദി പറഞ്ഞു. 15 പേർ മീറ്റിംഗിൽ പങ്കെടുത്തു.





# കണിയാമ്പറ്റ





2025 ജൂൺ 16 ന് രാവിലെ 11 മണിയ്ക്ക് കണിയാമ്പറ്റ പഞ്ചായത്ത് തല പീസ് കമ്മിറ്റി മീറ്റിംഗ് നടത്തി. ജില്ലാ പീസ് ഫോറം കൺവീനർ ശ്രീ ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി കൺവീനർ ശ്രീ ലത്തീഫ് മേമാടൻ അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രജിത കെ വി ഉത്ഘാടനം ചെയ്തു. ശ്രീമതി വൽസ ദേവസ്യ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് ചർച്ചകൾക്ക് നേതൃത്വം നൽകി. ആദിവാസി ദിനാചരണത്തെക്കുറിച്ചും നീതിവേദിയിൽ ടെലി കൗൺസിലിംഗ് സൗകര്യമുണ്ടായിരിക്കുമെന്നും കൗൺസിലിംഗ് ആവശ്യമുള്ളവരെ അറിയിക്കാനും യോഗത്തെ അറിയിച്ചു. വിദ്യാർത്ഥി- വനിതാ സൗഹൃദക്ലബുകൾ രൂപീകരിക്കേണ്ട സ്ഥലങ്ങൾ ഉണ്ടെങ്കിൽ രൂപീകരിക്കാനും തീരുമാനിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തു. എല്ലാ ആദിവാസി വിദ്യാർത്ഥികൾക്കും പ്ലസ്വൺ അഡ്മിഷൻ ലഭ്യമായോ എന്ന് അന്വേഷിക്കാൻ മെമ്പർമാരെ ചുമതലപ്പെടുത്തി. കോർ ടീം വോളണ്ടിയർ ശ്രീമതി സബിത നന്ദി പറഞ്ഞു. 16 പേർ മീറ്റിംഗിൽ പങ്കെടുത്തു.







# മീനങ്ങാടി





2025 ജൂൺ 18 ന് ഉച്ചകഴിഞ്ഞ് 2.30 ന് മീനങ്ങാടി പഞ്ചായത്ത് തല പീസ് കമ്മിറ്റി മീറ്റിംഗ് നടത്തി. ശ്രീ ജോർജ് സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി കൺവീനർ ശ്രീ എം ആർ ശശിധരൻ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി മിനി സാജു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് ചർച്ചകൾക്ക് നേതൃത്വം നൽകി. ആദിവാസി ദിനാചരണത്തെക്കുറിച്ചും നീതിവേദിയിൽ ടെലി കൗൺസിലിംഗ് സൗകര്യമുണ്ടായിരിക്കുമെന്നും കൗൺസിലിംഗ് ആവശ്യമുള്ളവരെ അറിയിക്കാനും യോഗത്തെ അറിയിച്ചു. വിദ്യാർത്ഥി – വനിതാ സൗഹൃദക്ലബുകൾ രൂപീകരിക്കേണ്ട സ്ഥലങ്ങൾ ഉണ്ടെങ്കിൽ അതിനുവേണ്ട ഇടപെടലുകൾ നടത്താൻ തീരുമാനിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തു. എല്ലാ ആദിവാസി വിദ്യാർത്ഥികൾക്കും പ്ലസ്വൺ അഡ്മിഷൻ ലഭ്യമായോ എന്ന് അന്വേഷിക്കാൻ അംഗങ്ങളെ ചുമതലപ്പെടുത്തി. കോർ ടീം വോളണ്ടിയർ ശ്രീ എം കെ ശിവരാമൻ നന്ദി പറഞ്ഞു. 12 പേർ മീറ്റിംഗിൽ പങ്കെടുത്തു.





# പൂതാടി





2025 ജൂൺ 20 ന് ഉച്ചകഴിഞ്ഞ് 2.30 ന് പൂതാടി പഞ്ചായത്ത് തല പീസ് കമ്മിറ്റി മീറ്റിംഗ് നടത്തി. ശ്രീമതി റീത്ത സ്റ്റാൻലി, കോർ ടീം വോളിയർ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർമാൻ ശ്രീ ഷാന്റി ചേനമ്പാടി അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ എം.എസ് പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മെമ്പർമാർ നീതിവേദി നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിച്ച് സംസാരിച്ചു. ശ്രീമതി മിനി സാജു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് ചർച്ചകൾക്ക് നേതൃത്വം നൽകി. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തു. എല്ലാ ആദിവാസി വിദ്യാർത്ഥി കൾക്കും പ്ലസ്വൺ അഡ്മിഷൻ ലഭ്യമായോ എന്ന് അന്വേഷിക്കാൻ അംഗങ്ങളെ ചുമതലപ്പെടുത്തി. ആദിവാസി ദിനാചരണത്തെക്കുറിച്ചും നീതിവേ ദിയിൽ ടെലി കൗൺസിലിംഗ് സൗകര്യമുണ്ടായിരിക്കുമെന്നും കൗൺസിലിംഗ് ആവശ്യമുള്ളവരെ അറിയിക്കാനും യോഗത്തെ അറിയിച്ചു. വിദ്യാർത്ഥി-വനിതാ സൗഹൃദക്ലബുകൾ രൂപീകരിക്കേണ്ട സ്ഥലങ്ങൾ ഉണ്ടെങ്കിൽ അതിനുവേണ്ട ഇടപെടലുകൾ നടത്താൻ തീരുമാനിച്ചു. ശ്രീ പുരുഷോത്തമൻ മാസ്റ്റർ നന്ദി പറഞ്ഞു. 19 പേർ മീറ്റിംഗിൽ പങ്കെടുത്തു.





# വെള്ളമുണ്ട





2025 ജൂൺ 21 ന് രാവിലെ 11.30 ന് വെള്ളമുണ്ട പഞ്ചായത്ത് തല പീസ് കമ്മിറ്റി മീറ്റിംഗ് നടത്തി. ശ്രീമതി ഇന്ദുലേഖ സ്വാഗതം ആശംസിച്ചു. കോർ ടീം വോളിയർ ശ്രീമതി ഷൈജി ഷിബു അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി ഇന്ദുലേഖ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അഡ്വ ഫാ.സ്റ്റീഫൻ മാത്യു ചർച്ചകൾക്ക് നേതൃത്വം നൽകി. അടുത്ത മാസം വിദ്യാർത്ഥി സൗഹൃദക്ലബ് അംഗങ്ങളെ വിജ്ഞാൻ ലൈബ്രറിയിൽ കൊണ്ടുവന്ന് പുസ്തകങ്ങൾ പരിചയപ്പെടുത്താൻ ഫസിലിറ്റേറ്ററെ ചുമതലപ്പെടുത്തി. നീതിവേദിയിൽ ടെലി കൗൺസിലിംഗ് സൗകര്യമുണ്ടായിരിക്കുമെന്നും കൗൺസിലിംഗ് ആവശ്യമുള്ളവരെ അറിയിക്കാനും യോഗത്തെ അറിയിച്ചു. വിദ്യാർത്ഥി-വനിതാ സൗഹൃദക്ലബുകൾ രൂപീകരിക്കേണ്ട സ്ഥലങ്ങൾ ഉണ്ടെങ്കിൽ അതിനു വേണ്ട ഇടപെടലുകൾ നടത്താൻ തീരുമാനിച്ചു. ജൂലൈ 19 ന് എല്ലാ ഭാഗത്തുനിന്നുമുള്ള ആളുകളെ ഉൾപ്പെടുത്തി പീസ് കമ്മറ്റി പുന:സംഘടിപ്പിക്കാനും തീരുമാനിച്ചു. ശ്രീ നിധിൻ നന്ദി പറഞ്ഞു. 14 പേർ മീറ്റിംഗിൽ പങ്കെടുത്തു.





# പൊഴുതന




2025 ജൂൺ 24 ന് രാവിലെ 11.30 ന് പൊഴുതന പഞ്ചായത്ത് തല പീസ് കമ്മിറ്റി മീറ്റിംഗ് നടത്തി. ശ്രീ വേലായുധൻ, കോർ ടീം വോളണ്ടിയർ സ്വാഗതം ആശംസിച്ചു. വൈസ് പ്രസിഡന്റ് ശ്രീ ബാബു അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അനസ്റ്റ റോസ്ന സെബി ഉദ്ഘാടനം ചെയ്തു. ശ്രീ ജ്യോതിഷ് കുമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് ചർച്ചകൾക്ക് നേതൃത്വം നൽകി. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തു. എല്ലാ ആദിവാസി വിദ്യാർത്ഥികൾക്കും പ്ലസ്വൺ അഡ്മിഷൻ ലഭ്യമായോ എന്ന് അന്വേഷിക്കാൻ അംഗങ്ങളെ ചുമതലപ്പെടുത്തി. ആദിവാസി ദിനാചരണത്തെക്കുറിച്ചും നീതിവേദി യിൽ ടെലി കൗൺസിലിംഗ് സൗകര്യമുണ്ടായിരിക്കുമെന്നും കൗൺസിലിംഗ് ആവശ്യമുള്ളവരെ അറിയിക്കാനും യോഗത്തെ അറിയിച്ചു. വിദ്യാർത്ഥി – വനിതാ സൗഹൃദക്ലബുകൾ രൂപീകരി ക്കേണ്ട സ്ഥലങ്ങൾ ഉണ്ടെങ്കിൽ രൂപീകരിക്കാനും തീരുമാനിച്ചു. ശ്രീ കെ പി ജോൺ നന്ദി പറഞ്ഞു. 16 പേർ മീറ്റിംഗിൽ പങ്കെടുത്തു.




# ഏകദിന പരിശീലന പരിപാടി



2025 മെയ് 9 ന് നീതിവേദിയുടെ ആഭിമുഖ്യത്തിൽ ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ താൽപ്പര്യമുള്ള വോളണ്ടിയർമാർക്കായി കൽപ്പറ്റ എം.ജി.റ്റി ഹാളിൽ വെച്ച് ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ച യോഗം ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ.ഐ.തോമസ് സാർ ഉദ്ഘാടനം ചെയ്തു. ശ്രീ റോബിൻ വർഗ്ഗീസ്, ശ്രീ സിജു സി മീന, ശ്രീ രാജേഷ് അഞ്ചിലൻ എന്നിവർ റിസോഴ്സ് പേഴ്സൺസ് ആയിരുന്നു. ശ്രീമതി അഖില നന്ദി പറഞ്ഞു. 44 പേർ പരിശീലന പരിപാടി യിൽ പങ്കെടുത്തു.

# മറ്റ് പ്രവർത്തനങ്ങൾ



2025 ഏപ്രിൽ 2,3,4 തിയതികളിൽ അമ്പലവയൽ പഞ്ചായത്തിലെ നെല്ലാറച്ചാൽ പുതിയപാടി ഊരിലെ ഗോകുലിന്റെ മരണവുമായി ബന്ധപ്പെട്ട് നീതിവേദി പ്രവർത്തകർ വീട് സന്ദർശിച്ചു വിവരങ്ങൾ മനസ്സിലാക്കി.

2025 ഏപ്രിൽ 8 ന് ബത്തേരി പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസിൽ വെച്ച് നടന്ന മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗിൽ ശ്രീമതി ഫ്ളയ്സി ജോസ് പങ്കെടുത്തു.



ഏപ്രിൽ 10 ന് അമ്പലവയൽ പഞ്ചായത്തിലെ നെല്ലാറച്ചാൽ പുതിയപാടി ഊരിലെ ഗോകുലിന്റെ മരണവുമായി ബന്ധപ്പെട്ട് കൽപ്പറ്റ കളക്ടറേറ്റിന് മുമ്പിൽ വെച്ച് നടന്ന പ്രതിഷേധ പരിപാടിയിൽ നീതി വേദി ഫീൽഡ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ പങ്കെടുത്തു.



2025 ഏപ്രിൽ 25 ന് നൂൽപ്പുഴ പഞ്ചായത്തിലെ പൊൻകുഴി യൂത്ത് ക്ലബ് അംഗങ്ങൾക്ക് നീതിവേദി നാസിക് ഡോൾ സെറ്റ് നൽകി. നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശ്രീജ സതീഷ് നാസിക് ഡോൾ സെറ്റ് യൂത്ത് ക്ലബ് അംഗങ്ങൾക്ക് നൽകി ഉത്ഘാടനം ചെയ്തു. ശ്രീ ബിജു കാക്കത്തോട് സ്വാഗതം ആശംസിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. യൂത്ത്ക്ലബ് അംഗങ്ങൾ നാസിക് ഡോൾ പെർഫേസാർമൻസ് നടത്തി. 85 പേർ പരിപാടിയിൽ പങ്കെടുത്തു.



2025 ജൂൺ 2 ന് കളക്ടറേറ്റിൽ കളക്ടറുടെ ചേമ്പറിൽ വെച്ച് കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന ഇന്റർ ഏജൻ സി ഗ്രൂപ്പ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ ശ്രീമതി ഫ്ളയ്സി ജോസ് പങ്കെടുത്തു.




2025 ജൂൺ 5 ന് മുണ്ടക്കൈ – ചൂരൽമല ദുരന്തബാധിതരായ പുഞ്ചിരിമട്ടം ഊരിലുള്ളവരെ ശ്രീ ജ്യോതിഷ് സന്ദർശിച്ച് ഫുഡ്കിറ്റ് നൽകി.



2025 ജൂൺ 17 ന് ഓടപ്പള്ളം സ്ക്കൂളിൽ 30 ആദിവാസി വിദ്യാർത്ഥികൾക്ക് ആവശ്യമായ 100 നോട്ടുബുക്കുകൾ, പെൻസിൽ, റബർ, കട്ടർ, ക്രയോൺസ് എന്നീ പഠനോപകരണങ്ങൾ വാങ്ങി നൽകി.



2025 ജൂൺ 18 ന് കൽപ്പറ്റ കളക്ടറേറ്റിലെ എ.പി.ജെ ഹാളിൽ വെച്ച് നടന്ന ജില്ലാതല ഇന്റർ ഏജൻസി ഗ്രൂപ്പ് ജനറൽബോഡി യോഗത്തിലും എൻ.ഡി.ആർ.എഫ് ട്രെയിനിംഗിലും നീതിവേദിയിൽ നിന്നും ശ്രീമതി ഫ്ളയ്സി ജോസ് പങ്കെടുത്തു.




2025 ജൂൺ 21 ന് കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ സുഖമില്ലാത്ത സരിത, ജാനു എന്നിവർക്ക് ഫുഡ്കിറ്റ് നൽകി.


Binesh Unnikrishnan
29/06/2017
NEETHI VEDHI
സുധിക്കവല, കാക്കവയൽ പി.ഒ
കൽപ്പറ്റ നോർത്ത്, വയനാട് – 673122
ഫോൺ – 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org